**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3116** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഒരു ഗ്രാമത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ സ്ത്രീകളുടെ സംരഭകത്വവും സാമ്പത്തിക സ്വയാശ്രയത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഗ്രാമത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ; | (എ) | സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിയുള്ള വിവിധ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കി വരുന്നു. ഇതുവഴി സ്ത്രീകളുടെ സംരഭകത്വവും സാമ്പത്തിക സ്വാശ്രയത്വവും പ്രോത്സാഹി പ്പിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി വിവിധ പരിശീലനങ്ങൾ ഇവർക്ക് നൽകി വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയുള്ള വിവിധ പാക്കേജുകളുടെ ഭാഗമായും വനിതകൾ പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന പദ്ധതി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | പാരിസ്ഥിതിക ആഘാതം പരമാവധി ഒഴിവാക്കി നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | വനിതകളെ വിനോദസഞ്ചാര മേഖലയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | (സി) | വനിതകളെ വിനോദസഞ്ചാര മേഖലയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആർടി മിഷൻ (റെസ്പോൺസിബിൾ ടൂറിസം) മുഖേന നടപ്പാക്കി വരുന്നു . 1 വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്<br>2.കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജ്<br>3. എക്സ്പീരിയൻസ് എത്നിക് കുസീൻ 4.വിവിധ പരിശീലനങ്ങൾ 5 അഗ്രി ടൂറിസം നെറ്റ്വർക്ക്<br>6.വിവിധ വനിതാ സംരഭങ്ങൾ കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ സംരംഭകരിൽ 80 % വനിതകളാണ് |

സെക്ഷൻ ഓഫീസർ